മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ആഗസ്റ്റ് 31

# വാർത്താക്കുറിപ്പ്

---

## സ്റ്റാർട്ട്പ്പ് സംരംഭങ്ങൾക്ക് എം.ജി.യു ഇന്നൊവേഷൻ ഫൗണ്ടേഷന്റെ സാങ്കേതിക സഹായം

ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെഷീന് ലേണിംഗ്, ആർട്ടിഫിഷ്യൽ ന്യറൽ നെറ്റ്‌വർക്കിങ്, എഫ്.പി.ജി.എ., സൈബർ സെക്യൂരിറ്റി, ഇന്റർനെറ്റ് ഓഫ് തിങ്സ്, മൊബൈൽ ആന്റ് വെബ് ആപ്ലിക്കേഷനുകൾ, നാനോ ടെക്നോളജി, ബയോ ഇൻഫർമാറ്റിക്സ് ഡ്രഗ് ഡിസൈൻ തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്ക് വെർച്ചൽ ആയും നേരിട്ടും എം.ജി.യു. ഇന്നൊവേഷൻ ഫൗണ്ടേഷന്റെ സാങ്കേതിക സഹായം എത്തിക്കുന്നതിന് ഇപ്പോൾ അപേക്ഷിക്കാം. ബന്ധപ്പെട്ട മേഖലകളിൽ നിന്നുള്ള വ്യവസായ സ്ഥാപനങ്ങളുടെയും വിദഗ്ദരുടെയും മാർഗ്ഗനിർദ്ദേശങ്ങളും പരിശീലനവും ഫൗണ്ടേഷൻ മുഖേന ലഭ്യമാക്കും.

വിദ്യാർത്ഥികളുടെയും ഗവേഷകരുടെയും നൂതന ആശയങ്ങൾ ലാഭകരമായ ഉല്പാദനവുമായി ബന്ധിപ്പിക്കുന്നതിനുള്ള സാങ്കേതികവും വാണിജ്യപരവുമായ സഹായങ്ങളാണ് ഫൗണ്ടേഷനിൽ നിന്ന് ലഭിക്കുക. സാങ്കേതിക വിദ്യ കണ്ടുപിടിക്കാനും പുനർനിർണയിക്കാനും കഴിവുള്ള യുവ സംരംഭകരെ ലക്ഷ്യമിട്ടാണ് ഫൗണ്ടേഷൻ പ്രവർത്തിക്കുന്നത്. കേന്ദ്രവിദ്യാഭ്യാസ മന്ത്രാലയത്തിന്റെ കീഴിലുള്ള റൂസ 2.0 പദ്ധതിക്ക് കീഴിൽ 2019 ലാണ് എം.ജി.യു. ഇന്നെവോഷൻ ഫൗണ്ടേഷൻ നിലവിൽ വന്നത്. താല്പര്യമുള്ളവർക്ക് എം.ജി.യു.ഐ.എഫ്. വെബ്സൈറ്റായ www.mguif.org വഴി രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് 0481 - 2992684, 8547924303, ഇ-മെയിൽ info@mguif.com

(പി.ആർ.ഒ./39/12 66/2022)

## പി.ജി./ബി.എഡ് ഏകജാലകം: പ്രത്യേക അലോട്ട്മെന്റിനുള്ള ഓൺലൈൻ രജിസ്ട്രേഷൻ

പി.ജി./ബി.എഡ് ഏകജാലകത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കായുള്ള പ്രത്യേക അലോട്മെന്റിനുള്ള ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. ഓൺലൈൻ രജിസ്ട്രേഷനുള്ള സൗകര്യം സെപ്റ്റംബർ മൂന്ന് വരെ ലഭ്യമായിരിക്കും.

ഒന്ന് മുതൽ മൂന്നു വരെയുള്ള അലോട്ട്മെന്റുകളിൽ, ലഭിച്ച അലോട്ട്മെന്റുകളിൽ തൃപ്തരല്ലാത്തവർക്കും നിലവിൽ അലോട്ട്മെന്റ് ലഭിക്കാത്തവർക്കും അലോട്ട്മെന്റ് ലഭിച്ചിട്ട് വിവിധ കാരണങ്ങളാൽ റിജെക്റ്റ് ആയിപ്പോയവർക്കുമുൾപ്പടെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എല്ലാ വിഭാഗം അപേക്ഷകർക്കും പ്രത്യേക അലോട്ട്മെന്റിൽ അപേക്ഷിക്കാം.

എന്നാൽ നിലവിൽ പ്രവേശനമെടുത്തവർ (ഏത് ക്വാട്ടയിലായാലും - സ്ഥിര-താത്കാലിക പ്രവേശനമായാലും) പ്രത്യേക അലോട്ട്മെന്റിൽ അപേക്ഷിക്കുകയും പുതുതായി അലോട്ട്മെന്റ് ലഭിക്കുകയും ചെയ്താൽ നിലവിലുള്ള അലോട്ട്മെന്റ് റദ്ദാക്കപ്പെടുന്നതായിരിക്കും.

ഇത് വരെ അപേക്ഷിക്കാൻ സാധിക്കാതിരുന്നവർക്കും പ്രത്യേക അലോട്ട്മെന്റിൽ അപേക്ഷിക്കാവുന്നതാണ്. നിലവിൽ ഒന്ന് മുതൽ മൂന്ന് വരെയുള്ള അലോട്ട്മെന്റുകളിലും കമ്മ്യൂണിറ്റി / മെറിറ്റ് ക്വാട്ട /മാനേജ്മെന്റ് ക്വാട്ട എന്നിവയിൽ അപേക്ഷിച്ചവർക്ക് നിലവിലുള്ള ക്യാപ്പ് ഐ.ഡി./ പാസ്‌വേർഡ് എന്നിവ ഉപയോഗിച്ച് പുതുതായി ഫീസ് ഒടുക്കാതെ തന്നെ അപേക്ഷിക്കാവുന്നതാണ്. ഇത് വരെ ക്യാപ്പിൽ അപേക്ഷിക്കാൻ സാധിക്കാതിരുന്നവർ മാത്രം പുതുതായി അപേക്ഷാ ഫീസ് ഒടുക്കിയാൽ മതിയാവും.

പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗക്കാർക്കായുള്ള പ്രത്യേക അലോട്ട്മെന്റുകൾക്ക് ശേഷമാണ് സപ്ലിമെന്ററി അലോട്ട്മെന്റ് നടത്തുന്നത് എന്നതിനാൽ പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗക്കാർക്ക് സപ്ലിമെന്ററി അലോട്ട്മെന്റിൽ പ്രത്യേക സംവരണം ഉണ്ടാവുകയില്ല. ഇക്കാരണം കൊണ്ട് തന്നെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ പ്രത്യേക അലോട്ട്മെന്റുകളിൽ അപേക്ഷിച്ച് പ്രവേശനം കരസ്ഥമാക്കുന്നതിനു ശ്രദ്ധിക്കേണ്ടതാണ്.

(പി.ആർ.ഒ./39/12 67/2022)

## പി.ജി. പ്രോഗ്രാമിലേക്കുള്ള അപേക്ഷ തീയതി നീട്ടി

മഹാത്മാഗാന്ധി സർവകലാശാലയുടെയും കണ്ണൂർ സർവകലാശാലയുടെയും സംയുക്ത പി ജി പ്രോഗ്രാം ആയ എം.എസ്.സി. ഫിസിക്സ് (നാനോസയൻസ് ആന്റ് നാനോടെക്നോളജി)/ എം.എസ്.സി. കെമിസ്ട്രി (നാനോസയൻസ് ആന്റ് നാനോടെക്നോളജി) കോഴ്സിലേക്ക് സെപ്റ്റംബർ അഞ്ച് വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/12 68/2022)

## പ്രാക്ടിക്കൽ പരീക്ഷ

രണ്ടാം സെമസ്റ്റർ ബി.എച്ച്.എം. (2021 അഡ്മിഷൻ - റഗുലർ / 2020 അഡ്മിഷൻ - സപ്ലിമെന്ററി - ന്യൂ സ്കീം) (2014 മുതൽ 2019 വരെയുള്ള അഡ്മിഷൻ - സപ്ലിമെന്ററി / 2013 അഡ്മിഷൻ - മെഴ്സി ചാൻസ് - ഓൾഡ് സ്കീം) ആഗസ്റ്റ് 2022 ന്റെ പ്രാക്ടിക്കൽ പരീക്ഷ സെപ്റ്റംബർ 12 മുതൽ 14 വരെ പാലാ, സെന്റ് ജോസഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജിയിൽ വച്ച് നടത്തും. വിശദവിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/12 69/2022)

ഒന്നാം സെമസ്റ്റർ ബി.വോക് സ്പോർട്ട്സ് ന്യൂട്രീഷൻ ആന്റ് ഫിസിയോതെറാപ്പി (ന്യൂ സ്കീം - 2021 അഡ്മിഷൻ - റഗുലർ) ജൂൺ 2022 പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ സെപ്റ്റംബർ 14, 16 തീയതികളിൽ പാലാ, അൽഫോൺസാ കോളേജിൽ വച്ച് നടത്തും. വിശദവിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1270/2022)

## പരീക്ഷാ ഫലം

ഒന്ന്, രണ്ട് സെമസ്റ്റർ എം.എ. ഇംഗ്ലീഷ് (പ്രൈവറ്റ്) സപ്ലിമെന്ററി / മെഴ്സി ചാൻസ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും നിശ്ചിത ഫീസ് സഹിതം 2015 അഡ്മിഷന് മുൻപുള്ളവർക്ക് പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ നേരിട്ടും 2015 അഡ്മിഷൻ മുതലുള്ളവർക്ക് ഓൺലൈനായും അപേക്ഷിക്കാം. വിശദവിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1271/2022)

**അനിൽകുമാർ ജി.**
**പബ്ലിക് റിലേഷൻസ് ഓഫീസർ (i/c)**